## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2366 23.1.2014- ലെ മറുപടിക്ക്

### വാണിജ്യ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
|---|---|
| വാണിജ്യ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാണിജ്യ നികുതി പിരിവിൽ ഉണ്ടായ നിരക്ക് വർദ്ധന എത്രയാണെന്ന് വ്യക്തമാക്കാമോ ; വാണിജ്യ നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ? | വാണിജ്യ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.<br><br>1. റിട്ടേൺ സ്ക്രൂട്ടിനിക്ക് നികുതി നിർണ്ണയാധികാരിയുടെ സർട്ടിഫിക്കേഷൻ നിർബന്ധമാക്കി.<br><br>2. ഓവർചെക്കിംഗ് സംവിധാനം നടപ്പിലാക്കി.<br><br>3. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടു വരുന്നതിനായി 'one time incentive to new registrant scheme' നടപ്പിലാക്കി.<br><br>4. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് അമരവിളയിൽ നടപ്പിലാക്കി.<br><br>5. നികുതി പിരിവിന്റെ പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തിച്ചു വരുന്നു.<br><br>6. Tax Monitoring Cell, വില നിരീക്ഷണ സമിതി എന്നിവ രൂപീകരിച്ചു<br><br>7. അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ആഢംബര നികുതി, കാർഷികാദായ നികുതി, മണിലെൻഡേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി.<br><br>8. ചെക്ക് പോസ്റ്റുകളുടേയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി നികുതി വെട്ടിപ്പ് |

പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കുടിശ്ശിക അസസ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉള്ള വാണിജ്യ നികുതി പിരിവും വർദ്ധനവും ചുവടെ ചേർക്കുന്നു.

| വർഷം | വാണിജ്യ നികുതി പിരിവ് (കോടിയിൽ) | വർദ്ധനവ് (കോടിയിൽ) | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|
| 2011-12 | 19310.54 | 3154.61 | 20 |
| 2012-13 | 22885.83 | 3575.29 | 19 |
| 2013-14 (31.12.13 വരെ) | 17889.60 | 1885.06 | 12 |

വാണിജ്യ നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. നികുതി പിരിവ് ഊർജ്ജിത മാക്കുന്നതിനായി വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തിരമായി തീർപ്പു കൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള നടപടികളും കൂടാതെ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. റവന്യു റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തു. നികുതിനിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യു റിക്കവറി നടപടികൾ നടത്തി വരുന്നു.

3. 31.3.2005 വരെയുള്ള പൊതുവില്പന നികുതി നിയമപ്രകാരമുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നടപ്പിലാക്കിയിരുന്ന ആംനസ്റ്റി സ്കീം അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. 11.10.2013-ലെ സ.ഉ (പി) നം. 515/2013/ഫിൻ പ്രകാരം ഉപാധികളില്ലാതെ അനുവദിച്ചിരുന്ന എല്ലാ സ്റ്റേ ഉത്തരവുകളും 11.10.2013 മുതൽ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ ഉപാധികളോടെയുള്ള സ്റ്റേ അനുവദിക്കുന്നുള്ളൂ.

സെക്ഷൻ ഓഫീസർ

£